111 (277) **സഹകരണമേഖലയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണമേഖലയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം എത്ര;

(ബി) ഇപ്പോൾ അനുവദിച്ച അദ്ധ്യയനം ആരംഭിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാം; വിശദവിവരം നൽകുമോ;

(സി) ആലപ്പുഴ ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജ് ലഭിക്കുന്നതിനുവേണ്ടി ഇതുവരെ എത്ര അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ അദ്ധ്യയനവർഷം ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളും എം.ബി.എ. കോഴ്സിനുവേണ്ടി ഒരു കമ്മ്യൂണിറ്റി കോളേജും ആരംഭിക്കാൻ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ അദ്ധ്യയനം ആരംഭിച്ചിട്ടുള്ളത് വടകരയിലെ എഞ്ചിനീയറിംഗ് കോളേജിലാണ്.

(സി) കോളേജ് സ്ഥാപിക്കുന്നതിന് 25 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് സമ്മതിച്ചുകൊണ്ടുള്ള ഒരു അപേക്ഷ ലഭിച്ചു. അത് കായംകുളത്ത് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. ഈ അപേക്ഷ പരിഗണിച്ച് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ട അനുമതിക്കായി "ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ" (എ.ഐ.സി.റ്റി.ഇ.)" ന് അപേക്ഷിച്ചിട്ടുണ്ട്. 2000-2001 ൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമാണുള്ളത്.

112 (278) **സഹകരണമേഖലയിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകൾ**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിച്ചാൽ അതിനെ എതിർക്കുമെന്നും ഐ.എം.എ. (ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ) തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഈ വർഷം ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചു കഴിഞ്ഞു. അടുത്തവർഷം ഒരു മെഡിക്കൽ കോളേജ് തുടങ്ങുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, ഒൻപത് എഞ്ചിനീയ

LIBRARY ARCHIVES Kerala Legislative Assembly